(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളിൽ ചിലർ കേരളാ ഹൈക്കോടതിയിൽ 7 റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നു. ആയതിൽ 25-8-2004-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ 3-6-2000-ലും 5-6-200 ലുമായി തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത 175 ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിലുള്ളവയാണെന്നും അവ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. മേൽപ്പറഞ്ഞ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഹർജിക്കാരായ 18 പേർക്ക് നിയമനം നൽകാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 5-10-2005-ലെ വിധിന്യായത്തിൽ ഉത്തരവായി.

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കേണ്ടവർക്ക് നിയമനം നൽകിക്കഴിഞ്ഞു. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തങ്ങൾക്കും നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതാനും പേർ നിവേദനം നൽകിയിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ച് വരുന്നു.

പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയനമം ലഭിച്ച പി.ഡി. ടീച്ചർമാർ

58 (5193) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ നാലുവർഷം എത്ര പി.ഡി.ടീച്ചർമാർക്ക് വിവിധ ജില്ലകളിലെ പി.എസ്.സി. ലിസ്റ്റുകളിൽ നിന്നും നിയമനം നൽകി ;

(ബി) ഇവരുടെ ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലുമായി 4,205 പി.ഡി. ടീച്ചർമാർക്ക് കഴിഞ്ഞ നാലു വർഷംകൊണ്ട് പി.എസ്.സി. മുഖാന്തിരം നിയമനം നൽകി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാനേജ്മെന്റ് ട്രാൻസ്ഫറിനു വേണ്ടിയുള്ള അപേക്ഷകൾ

59 (5194) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. പി. ഐ. ഓഫീസിൽ മാനേജ്മെന്റ് ട്രാൻസ്ഫറിന് വേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനേജ്മെന്റ് ട്രാൻസ്ഫർ അപേക്ഷയ്ക്ക് അനുബന്ധമായി വയ്ക്കേണ്ട രേഖകൾ ഏതൊക്കെയാണെന്നും അതിന്റെ നടപടി ക്രമങ്ങളും വ്യക്തമാക്കുമോ ;

(സി) നിലവിൽ മാനേജ്മെന്റ് ട്രാൻസ്ഫറിനുള്ള അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ ; എങ്കിൽ തടസ്സത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 107 അപേക്ഷകൾ.

(ബി) മാനേജ്മെന്റ് കൈമാറ്റം സംബന്ധിച്ച നടപടികൾ സ്വീകരിക്കുമ്പോൾ 1958-ലെ കേരള വിദ്യാഭ്യാസ നിയമത്തിലും 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് തയ്യാറാക്കുന്ന ചെക്ക് ലിസ്റ്റ് പ്രകാരമുള്ള രേഖകൾ (ആധാരങ്ങളുടെ അസ്സൽ, സ്ഥാവര-ജംഗമ വസ്തുക്കളുടെ ലിസ്റ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ, കൈവശാവകാശ സർട്ടിഫിക്കറ്റ്, സ്റ്റാഫിന്റെ സമ്മതപത്രം, സ്റ്റാഫ് സ്റ്റേറ്റുമെന്റ്), മുന്നാധാരത്തിന്റെ പകർപ്പ്, മുൻമാനേജ്മെന്റ് സംബന്ധിച്ചുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ്, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ നൽകുന്ന ഉത്തരവിന്റെ പകർപ്പ് എന്നിവയാണ് ഹാജരാക്കേണ്ടത്. മാനേജ്മെന്റ് മാറ്റത്തിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന അദ്ദേഹത്തിന്റെ മേലൊപ്പും ശുപാർശയോടുംകൂടി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും പ്രസ്തുത നിർദ്ദേശങ്ങളുടെ നിയമവശങ്ങൾ പരിശോധിച്ചശേഷം പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(സി) ചെക്ക് ലിസ്റ്റിലെ രേഖകൾ ഇല്ലാതിരിക്കുകയോ മാനേജ്മെന്റ് തർക്കം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ തടസ്സമുണ്ടാകും. കെ.ഇ.ആർ. അധ്യായം V എ അനുസരിച്ച് മുൻകൂർ അനുമതി വാങ്ങാതെ സ്കൂളും മാനേജ്മെന്റും തീറെഴുതിയശേഷം വരുന്ന മാനേജ്മെന്റ് ട്രാൻസ്ഫർ അപേക്ഷകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവാദം നൽകുന്നുവെന്ന് ആരോപിച്ച് കേരള ലോകായുക്തയിൽ കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത അപേക്ഷകൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly